# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ഇരുപത്താറ്

## രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ച

## (2)

## III. രാജാവിന്റെ അധികാരം

Wed 8:23—9:8-ൽരാജാവിന്റെ അധികാരത്തെ നാം കാണുന്നു. മത്തായിയുടെ അനുക്രമം മനോഹരമാണ്. തനിക്ക് യാതൊന്നുമില്ലെന്ന്, ഒരു വീടോ, വിശ്രമിക്കുവാൻ ഒരു ഇടമോ ഇല്ലെന്ന് സൂചിപ്പിക്കുന്ന ഒരു രീതിയിൽ രാജാവു സംസാരിക്കുകയും, നിർജ്ജീവ കർത്തവ്യങ്ങൾ ചെയ്യുവാൻ തന്റെ അനുയായികളെ അനുവദിക്കാതിരിക്കുകയും ചെയ്തതിനുശേഷം, മത്തായിയുടെ രേഖ ഈ രാജാവിന്റെ അധികാരത്തെ വെളിപ്പെടുത്തുന്നു. അവന് യാതൊന്നും ഉണ്ടായിരുന്നില്ലെങ്കിലും അവന് അധികാരം ഉണ്ടായിരുന്നു. 8:23—9:8-ൽ ഈ അധികാരത്തിന് മൂന്നു വശങ്ങളുണ്ട്: കാറ്റിനും കടലിനുംമീതെയുള്ള അധികാരവും (8:23-27), ഭൂതങ്ങളുടെമേലുള്ള അധികാരവും (8:28-34), പാപങ്ങൾ ക്ഷമിക്കാനുള്ള അധികാരവും (9:1-8).

### A. കാറ്റിനും കടലിനും മീതെ

കർത്താവിന്റെ അധികാരം കാറ്റിനും കടലിനുംമീതെ വെളിപ്പെട്ടു. ഇത് ഒരു സാധാരണ അധികാരമല്ല; മറിച്ച്, ഇതിനെ അസാധാരണമായ ഒരു അധികാരമായി കണക്കാക്കണം. കർത്താവും അവന്റെ ശിഷ്യന്മാരും ഒരു പടകിലായിരുന്നു; അപ്പോൾ "പടക് തിരകളാൽ പൊതിയപ്പെടുവാൻ തക്കവണ്ണം കടലിൽ വലിയ ക്ഷോഭമുണ്ടായി" (വാ. 24). തങ്ങൾ നശിച്ചുപോകുമെന്നു ഭയപ്പെട്ടുകൊണ്ട് ശിഷ്യന്മാർ കർത്താവിനെ ഉറക്കത്തിൽനിന്നും ഉണർത്തിയപ്പോൾ (വാ.25), അവൻ പറഞ്ഞു, "അല്പവിശ്വാസികളേ, നിങ്ങൾ ഭീരുക്കളാകുന്നതെന്തിന്?" (വാ. 26). വിശ്വാസം കർത്താവിന്റെ വചനത്തിൽനിന്നും വരികയും ആ വചനത്തിൽ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു (റോമ. 10:17). വാക്യം 18-ൽ

"അക്കരയ്ക്ക് മാറിപ്പോകുവാൻ" എന്ന വാക്ക് കർത്താവ് അവർക്ക് നൽകിയിരുന്നു. ആ വാക്ക് അവർ വിശ്വസിച്ചിരുന്നെങ്കൽ, വാക്യം 25-ൽ അവർ ചെയ്തതുപോലെ പ്രാർഥിക്കേണ്ടി വരുമായിരുന്നില്ല. കർത്താവിന്റെ വാക്കിനെക്കുറിച്ചുള്ള അവരുടെ അനുഭവജ്ഞാനം പൂർണ്ണമായ അനുഭവജ്ഞാനമായിരുന്നില്ല; അങ്ങനെ, അവർ അല്പവിശ്വാസികളായിരുന്നു.

വാക്യം 26 പറയുന്നു, "അവൻ എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാസിച്ചു, വലിയൊരു ശാന്തത ഉണ്ടായി." കർത്താവും ശിഷ്യന്മാരും കടലിലൂടെ യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഭൂതങ്ങളെ പുറത്താക്കാനുള്ള അവരുടെ വഴിയിൽ, കാറ്റിലും കടലിനടിയിലും ചിലത് അവരെ പ്രയാസപ്പെടുത്തുവാൻ ആരംഭിച്ചു. കാറ്റിൽ വീണുപോയ ദൂതന്മാരും, വെള്ളത്തിൽ ഭൂതങ്ങളും ഉണ്ടായിരുന്നു. അങ്ങനെ കർത്താവിന്റെ കല്പന വാസ്തവത്തിൽ കാറ്റിനോടോ കടലിനോടോ സംസാരിച്ചതല്ലായിരുന്നു, മറിച്ച് കാറ്റിലുള്ള വീണുപോയ ദൂതന്മാരോടും വെള്ളത്തിനടിയിലുള്ള ഭൂതങ്ങളോടും ആയിരുന്നു. ഒരു ശാസന നൽകുന്നത് ജീവനില്ലാത്തവയ്ക്കല്ല, വ്യക്തിത്വമുള്ളവയ്ക്കാണ്. കാറ്റിൽ സാത്താന്റെ വീണുപോയ ദൂതന്മാരും (എഫെ. 6:12), കടലിൽ ഭൂതങ്ങളും (മത്താ. 8:32) ഉള്ളതുകൊണ്ട് രാജാവ് കാറ്റിനെയും കടലിനെയും ശാസിച്ചു. കാറ്റിലുള്ള വീണുപോയ ദൂതന്മാരും വെള്ളത്തിലുള്ള ഭൂതങ്ങളും കടലിന്റെ മറുകരയിൽ പോകുന്നതിൽനിന്നും രാജാവിനെ തടസ്സപ്പെടുത്തുവാൻ യോജിച്ചു പ്രവർത്തിച്ചു, കാരണം അവൻ അവിടെ ഭൂതങ്ങളെ പുറത്താക്കുമെന്ന് അവ അറിഞ്ഞിരുന്നു (വാ. 28-32). വീണുപോയ ദൂതന്മാരോടും ദുർഭൂതങ്ങളോടും അടങ്ങുവാൻ രാജാവ് കല്പിച്ച ഉടനെ അവ പെട്ടെന്ന് അനുസരിക്കുകയും ഒരു വലിയ ശാന്തത ഉണ്ടാകുകയും ചെയ്തു. അല്പം മാത്രമുണ്ടായിരുന്ന അവരുടെ വിശ്വാസത്തിന്റെ അളവിനു വിരുദ്ധമായി ശാന്തത വലുതായിരുന്നു (വാ. 26).

വാക്യം 27 പറയുന്നു, "ആ മനുഷ്യരോ, കാറ്റും കടലുംപോലും ഇവനെ അനുസരിക്കുവാൻ ഇവൻ എത്തരത്തിലുള്ളവൻ? എന്നു പറഞ്ഞ് ആശ്ചര്യപ്പെട്ടു." വാസ്തവത്തിൽ, കാറ്റും കടലുമായിരുന്നില്ല രാജാവിന്റെ അധികാരത്തെ അനുസരിച്ചത്, മറിച്ച് കാറ്റിനു മുകളിലുണ്ടായിരുന്ന വീണുപോയ ദൂതന്മാരും കടലിനടിയിലുണ്ടായിരുന്ന ഭൂതങ്ങളുമായിരുന്നു. തന്മൂലം, 23 മുതൽ 27 വരെയുള്ള വാക്യങ്ങളിൽ രാജാവിന്റെ പ്രകൃത്യാതീതമായ അധികാരത്തിന്റെ പ്രത്യക്ഷത നാം കാണുന്നു. അവന് തന്റെ തല ചായ്ക്കുവാൻ ഒരു കുഴിയോ, ഒരു കൂടോ, ഒരു സ്ഥലമോ ഉണ്ടായിരുന്നില്ല; എന്നാൽ അവന് പ്രകൃതിയിലെ പരിതസ്ഥിതികളുടെമേൽ പ്രകൃത്യാതീതമായ അധികാരം ഉണ്ടായിരുന്നു. അവൻ സ്വർഗീയ രാജ്യത്തിന്റെ രാജാവായിരിക്കുവാൻ പൂർണ്ണമായി യോഗ്യത ഉള്ളവനാണ്.

അവനൊഴികെ, ഇങ്ങനെ അസാധാരണമായ അധികാരമുള്ള ഒരു രാജാവ് ഭൂമിയിൽ ഒരിക്കലും ഉണ്ടായിരുന്നില്ല.

## B. ഭൂതങ്ങളുടെമേൽ

കർത്താവായ യേശു ഗദരേനരുടെ ദേശത്ത് വന്നപ്പോൾ, ഭൂതഗ്രസ്തരായ രണ്ടുപേരാൽ അവൻ എതിരേൽക്കപ്പെട്ടു. ഭൂതഗ്രസ്തരായ രണ്ടുപേർ കർത്താവായ യേശുവിനെ കണ്ടുമുട്ടിയപ്പോൾ ഭൂതങ്ങൾ നിലവിളിച്ചു പറഞ്ഞു, "ദൈവപുത്രാ, ഞങ്ങൾക്ക് നീയുമായി എന്തു കാര്യം? സമയത്തിനുമുമ്പേ ഞങ്ങളെ ദണ്ഡിപ്പിക്കുവാൻ നീ ഇവിടെ വന്നുവോ?" രാജാവ് സ്വയം മനുഷ്യപുത്രനെന്നു വിളിച്ചു (വാ. 20), എന്നാൽ മനുഷ്യപുത്രനെന്ന അവന്റെ നില്പിൽനിന്നും വ്യതിചലിക്കുവാൻ അവനെ പീക്ഷിച്ചുകൊണ്ട് ഭൂതങ്ങൾ അവനെ ദൈവപുത്രനെന്നു വിളിച്ചു. സമയത്തിനുമുമ്പേ അവയെ ദണ്ഡിപ്പിക്കുവാൻ വന്നുവോ എന്ന് ഭൂതങ്ങൾ അവനോടു ചോദിച്ചു. "സമയത്തിനുമുമ്പ്" എന്നത് ദണ്ഡിപ്പിക്കപ്പെടുവാൻ ദൈവം ഭൂതങ്ങൾക്ക് ഒരു സമയം നിയമിച്ചിട്ടുണ്ടെന്നും ഭൂതങ്ങൾ ആ സമയം അറിഞ്ഞിരുന്നുവെന്നും സൂചിപ്പിക്കുന്നു. അത് സഹസ്രാബ്ദത്തിനു ശേഷം നിത്യതയോളം ആയിരിക്കും. (പ്രത്യുദ്ധാര ഭാഷ്യത്തിൽ വെളിപ്പാട് 20:13-ലെ കുറിപ്പു കാണുക.)

സമയത്തിനുമുമ്പ് ദണ്ഡിപ്പിക്കപ്പെടുവാൻ ആഗ്രഹിക്കാത്ത ഭൂതങ്ങൾ കർത്താവായ യേശുവിനോട് അഭ്യർഥിച്ചു പറഞ്ഞത്, "നീ ഞങ്ങളെ പുറത്താക്കുന്നു എങ്കിൽ പന്നികളുടെ കൂട്ടത്തിലേക്ക് ഞങ്ങളെ അയയ്ക്കേണം" (വാ. 31). ഭൂതങ്ങൾ അവനോട് അഭ്യർഥിച്ചു എന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നത് അവ രാജാവിന്റെ ശക്തിക്കും അധികാരത്തിനും കീഴിലായിരുന്നു എന്നാണ്. വാക്യം 32 പറയുന്നു, "അവൻ അവരോട്, പോകുവിൻ എന്നു പറഞ്ഞു. അവയോ പുറത്തേക്കു വന്ന് പന്നികളിലേക്കു ചെന്നു. ഇതാ, ആ കൂട്ടം മുഴുവനും കുത്തനെയുള്ള ചരിവിലൂടെ താഴെ കടലിലേക്ക് പാഞ്ഞു വെള്ളത്തിൽ വീണു ചത്തു." "പോകുവിൻ" എന്ന പദം രാജാവിന്റെ ആധികാരികമായ ആജ്ഞയായിരുന്നു; ഭൂതങ്ങൾ അതിനെ അനുസരിച്ചു. പന്നികൾ ദൈവത്തിന്റെ ദൃഷ്ടിയിൽ അശുദ്ധമായവ ആയതുകൊണ്ട് (ലേവ്യ. 11:7), പന്നികളിലേക്കു പ്രവേശിക്കാനുള്ള ഭൂതങ്ങളുടെ അഭ്യർഥനയ്ക്ക് രാജാവ് ഉത്തരം നൽകി. ഭൂതങ്ങളാൽ ബാധിക്കപ്പെട്ടിരുന്നത് സഹിക്കുവാൻ കഴിയാതെ പന്നികൾ കടലിലേക്ക് പാഞ്ഞു. വെള്ളം അവയുടെ വാസസ്ഥലമായിരുന്നതുകൊണ്ട് ഭൂതങ്ങൾ ഇതിന് സമ്മതിച്ചു (12:43-44).

പന്നികളിലേക്ക് പോകുവാൻ ഭൂതങ്ങളെ അനുവദിച്ചതിലുള്ള കർത്താവിന്റെ ഉദ്ദേശ്യം അവയെ മേയ്ക്കുന്നവരുടെ തൊഴിലിനെ

നശിപ്പിക്കുക എന്നതായിരുന്നില്ല. പന്നികൾ ദൈവത്തിന്റെ ദൃഷ്ടിയിൽ അഴുക്കായതുകൊണ്ട്, അതിൽ ജോലിചെയ്തിരുന്നവർ രക്ഷിക്കപ്പെടുകയും തന്നിലേക്ക് തിരിയുകയും ചെയ്യുമെന്ന പ്രതീക്ഷയോടെ കർത്താവായ യേശു അവരുടെ അശുദ്ധമായ തൊഴിലിനെ നശിപ്പിച്ചു. അശുദ്ധവും ദൈവത്താൽ പുച്ഛിക്കപ്പെട്ടതുമായ പന്നികൾ അവിടെ സന്നിഹിതമാകരുതായിരുന്നു.

അവയെ സ്വന്തമാക്കിയിരുന്നവരുടെ അടുക്കൽ പന്നികളെ സംബന്ധിച്ച വാർത്ത വന്നപ്പോൾ, ഉടമസ്ഥർ നീരസപ്പെട്ടു. വാക്യം 34 പറയുന്നു, "ഇതാ, പട്ടണം മുഴുവനും യേശുവിനെ കണ്ടുമുട്ടുവാനായി പുറത്തേക്കുവന്നു; അവനെ കണ്ടപ്പോൾ, തങ്ങളുടെ അതിരുകളിൽനിന്ന് വിട്ടുപോകുവാൻ അവർ അവനോട് അഭ്യർഥിച്ചു." വിട്ടുപോകുവാൻ അവർ കർത്താവായ യേശുവിനോട് അപേക്ഷിക്കുകയും അവൻ പുറപ്പെട്ടുപോകുകയും ചെയ്തു (9:1). പന്നികൾ നഷ്ടപ്പെട്ട പട്ടണത്തിലെ ജനം രാജാവിനെ തിരസ്കരിച്ചു. അവർക്ക് സ്വർഗീയ രാജ്യത്തിന്റെ രാജാവിനെയല്ല, അവരുടെ അശുദ്ധമായ പന്നികളെ വേണമായിരുന്നു. അവർ ഒരുപക്ഷേ ജാതികളായിരുന്നിരിക്കാം. (ജാതികളുടെ ഗലീലക്ക്—4:15 എതിരെയുള്ള ഗലീലക്കടലിന്റെ തീരത്തായിരുന്നു ഗദര). അവരുടെ അശുദ്ധമായ ജീവിതമാർഗം നിമിത്തം അവർ സ്വർഗീയ രാജാവിനെ തിരസ്കരിച്ചു.

ഈ പ്രദേശത്തേക്കുള്ള രാജാവിന്റെ വരവ് സകലത്തെയും ക്രമത്തിലാക്കി. രണ്ടു മനുഷ്യരിൽനിന്ന് ഭൂതങ്ങൾ പുറത്താക്കപ്പെട്ടുവെന്നു മാത്രമല്ല, പന്നികൾ മുങ്ങിച്ചാകുകയും ചെയ്തു. തന്മൂലം, മുഴുവൻ പ്രദേശവും വെടിപ്പാക്കപ്പെടുകയും, ഭൂതങ്ങൾ അവയുടെ വാസസ്ഥലത്തേക്ക് തിരിച്ചുപോകുകയും ചെയ്തു. ഇത് കർത്താവിന്റെ അധികാരത്തിന്റെ ഒരു പ്രദർശനമായിരുന്നു.

## C. പാപങ്ങൾ ക്ഷമിക്കുവാൻ

9:1-8-ൽ പാപങ്ങൾ ക്ഷമിക്കാനുള്ള രാജാവിന്റെ അധികാരത്തെ നാം കാണുന്നു. കർത്താവ് താൻ ഇപ്പോൾ പാർത്തിരുന്ന (4:13) തന്റെ സ്വന്തം പട്ടണമായ കഫർന്നഹൂമിലേക്കു വന്നതിനുശേഷം, ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കലേക്ക് കൊണ്ടുവന്നു. വാക്യം 2 പറയുന്നു, "യേശുവോ, അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട്, മകനേ, ധൈര്യമായിരിക്കുവിൻ; നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞു." പക്ഷവാതക്കാരനെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്ന മനുഷ്യർ കർത്താവ് ഇരുന്ന വീടിന്റെ മേൽക്കൂര പൊളിച്ചു തുറന്നു (മർക്കൊ. 2:4). ഇതിലൂടെ അവരുടെ വിശ്വാസത്തെ കർത്താവു കണ്ടു. വാക്യം 2-ലുള്ള പാപങ്ങൾ എന്ന പ്രസ്താവം സൂചിപ്പിക്കുന്നത് പക്ഷവാതക്കാരൻ തന്റെ പാപങ്ങൾ നിമിത്തം രോഗിയായിരുന്നു എന്നാണ്.

വാക്യം 3 പറയുന്നു, "ഇതാ, ശാസ്ത്രിമാരിൽ ചിലർ, ഈ മനുഷ്യൻ ദൈവദൂഷണം പറയുന്നു എന്ന് തങ്ങളിൽത്തന്നെ പറഞ്ഞു." തങ്ങൾക്ക് തിരുവെഴുത്തുകൾ അറിയാമെന്ന് അനുമാനിച്ച ശാസ്ത്രിമാർ, പാപങ്ങൾ ക്ഷമിക്കുവാൻ ദൈവത്തിന് മാത്രമേ അധികാരമുള്ളൂ എന്നും, "നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു" എന്ന് അവൻ പറഞ്ഞപ്പോൾ അവരുടെ കണ്ണുകളിൽ ഒരു മനുഷ്യൻ മാത്രമായിരുന്ന യേശു ദൈവദൂഷണം പറഞ്ഞുവെന്നും ചിന്തിച്ചു. കർത്താവ് ദൈവമായിരുന്നുവെന്ന് അവർ മനസ്സിലാക്കിയിരുന്നില്ല എന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെയുള്ള ഒരു വാക്ക് ഉച്ചരിക്കുന്നതിലൂടെ അവർ സ്വർഗീയ രാജ്യത്തിന്റെ രാജാവിനെ തിരസ്കരിച്ചു. ഇതായിരുന്നു യെഹൂദമതത്തിലെ നേതാക്കളാലുള്ള ഒന്നാമത്തെ തിരസ്കരണം. ശാസ്ത്രിമാരെ സംബന്ധിച്ചിടത്തോളം, കർത്താവായ യേശു ദൈവമാണെന്ന് അനുമാനിക്കുകയും ദൈവത്തെ ദുഷിക്കുകയുമായിരുന്നു. എന്നാൽ കർത്താവായ യേശു തീർച്ചയായും ദുഷിച്ചതേയില്ല, കാരണം അവൻ ദൈവമാണ്. ദൈവമെന്ന നിലയിൽ അവന് പ്രകൃതിയിലുള്ള പരിതസ്ഥിതിയുടെമേലും ഭൂതങ്ങളുടെമേലും അധികാരം ഉണ്ടെന്നു മാത്രമല്ല, അവന് ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കാനുള്ള പൂർണ്ണാധികാരവും ഉണ്ടായിരുന്നു.

ശാസ്ത്രിമാരുടെ നിരൂപണത്തെ കർത്താവ് തന്റെ ആത്മാവിൽ ഗ്രഹിച്ചു (മർക്കൊ. 2:8). 4-ഉം 5-ഉം വാക്യങ്ങൾ പറയുന്നു, "യേശുവോ, അവരുടെ നിരൂപണങ്ങളെ അറിഞ്ഞിട്ട് പറഞ്ഞു, നിങ്ങളുടെ ഹൃദയങ്ങളിൽ ദുഷ്കാര്യങ്ങൾ നിരൂപിക്കുന്നത് എന്തിന്? ഏതാകുന്നു കൂടുതൽ എളുപ്പം, നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നതോ, അതോ എഴുന്നേറ്റു നടക്കുക എന്നു പറയുന്നതോ?" "നിരൂപണങ്ങൾ" എന്നതിനുള്ള യവനപദം, ആലോചനകൾ, ചിന്തകൾ, ശക്തമായ അനുഭൂതിയോടോ വികാരത്തോടോ കൂടെയുള്ള ദുഷ്ട അനുമാനങ്ങൾ എന്നിങ്ങനെയും അർഥമാക്കുന്നു. തന്റെ ആത്മാവിന്റെ ഗ്രാഹ്യശക്തി മുഖാന്തരം കർത്താവായ യേശുവിന് അവരുടെ ഹൃദയങ്ങൾക്കുള്ളിലുള്ള നിരൂപണങ്ങളെ വിവേചിക്കുവാൻ കഴിയുകയും, അവയെ സംബന്ധിച്ച് അവൻ അവരോട് ചോദിക്കുകയും ചെയ്തിരുന്നതുകൊണ്ട് ശാസ്ത്രിമാർക്ക് അവരുടെ നിരൂപണങ്ങൾ ഉച്ചരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ശാസ്ത്രിമാരുടെ നിരൂപണങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ ഗ്രാഹ്യം അവൻ വാസ്തവമായും ദൈവമാണെന്ന് സൂചിപ്പിക്കുന്നു. അവൻ ദൈവമല്ലായിരുന്നെങ്കിൽ, ഈ കാര്യങ്ങൾ എങ്ങനെ അവന് അറിയാൻ കഴിഞ്ഞിരുന്നു? "ഏതാകുന്നു പ്രയാസം?" എന്ന് കർത്താവു പറഞ്ഞില്ല എന്നതു ശ്രദ്ധിക്കുക, കാരണം അവന് യാതൊന്നും പ്രയാസമല്ല. "നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു"

എന്ന് അവൻ പറയുന്നത് "എഴുന്നേറ്റു നടക്കുക" എന്നു പറയുന്നതിനെക്കാൾ എളുപ്പമായിരുന്നു, കാരണം ഒരുവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടോ ഇല്ലയോ എന്ന് ആരും അറിയുന്നില്ല. തന്മൂലം, ഇങ്ങനെ പറയുന്നത് എളുപ്പമാണ്. എന്നാൽ ഒരു വ്യക്തി എഴുന്നേറ്റു നടക്കുന്നുവെങ്കിൽ പാപങ്ങൾ ക്ഷമിക്കപ്പെട്ടുവെന്ന് എല്ലാവർക്കും പറയുവാൻ കഴിയും.

കർത്താവിന്റെ രക്ഷ നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നുവെന്നു മാത്രമല്ല, നമ്മെ എഴുന്നേറ്റു നടക്കുമാറാക്കുകയും ചെയ്യുന്നു. ഇത്, ആദ്യം എഴുന്നേറ്റു നടക്കുകയും പിന്നീട് നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യുന്നതല്ല: അങ്ങനെയായാൽ അത് പ്രവൃത്തിയാൽ ആയിരിക്കും. മറിച്ച്, ആദ്യം നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും അതിനുശേഷം എഴുന്നേറ്റു നടക്കുകയും ചെയ്യുന്നു; ഇത് കൃപയാലാണ്.

വാക്യം 6 പറയുന്നു, "എന്നാൽ മനുഷ്യപുത്രന് ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ അധികാരമുണ്ട് എന്നു നിങ്ങൾ അറിയേണ്ടതിന്—അപ്പോൾ അവൻ പക്ഷവാതക്കാരനോട്, എഴുന്നേറ്റ് നിന്റെ കിടക്ക എടുത്ത് നിന്റെ വീട്ടിലേക്കു പോകുക എന്നു പറഞ്ഞു." പാപങ്ങൾ ക്ഷമിക്കുന്നത് ഭൂമിയിലുള്ള അധികാരത്തിന്റെ ഒരു കാര്യമാണ്. ദൈവത്താൽ അധികാരം പ്രാപിച്ചവനും പാപികളെ വീണ്ടെടുക്കുവാൻ മരിക്കാനിരുന്നവനുമായ ഈ രാജകീയ രക്ഷകനു മാത്രമേ ഇങ്ങനെയുള്ള അധികാരമുണ്ടായിരുന്നുള്ളൂ (പ്രവൃ. 5:31; 10:43; 13:38). ഈ അധികാരം സ്വർഗരാജ്യത്തിന്റെ സ്ഥാപനത്തിനു വേണ്ടിയായിരുന്നു (മത്താ. 16:19).

നടക്കുവാൻ മാത്രമല്ല, തന്റെ കിടക്ക എടുത്തുകൊണ്ട് നടക്കുവാനും കർത്താവ് പക്ഷവാതക്കാരനെ പ്രാപ്തനാക്കി. മുമ്പ് കിടക്ക അവനെ ചുമന്നു; ഇപ്പോൾ അവൻ കിടക്കയെ ചുമക്കുന്നു. ഇതാണ് കർത്താവിന്റെ രക്ഷയുടെ ശക്തി. ഈ പക്ഷവാതക്കാരനെ മറ്റുള്ളവർ കർത്താവിന്റെ അടുക്കലേക്ക് കൊണ്ടുവന്നതായിരുന്നു, എന്നാൽ അവൻ തന്നെത്താൻ വീട്ടിലേക്കു പോയി. പാപിക്ക് കർത്താവിന്റെ *അടുക്കലേക്കു* പോകുവാൻ കഴിയുന്നു എന്നല്ല, കർത്താവിന്റെ രക്ഷയാൽ പാപിക്ക് കർത്താവിന്റെ *അടുക്കൽനിന്നും* പോകുവാൻ കഴിയുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.

വാക്യം 7 പറയുന്നു, "അവനോ എഴുന്നേറ്റ് അവന്റെ വീട്ടിലേക്കു പോയി." പക്ഷവാതക്കാരന്റെ എഴുന്നേല്പും പോക്കും അവൻ സൗഖ്യമായി എന്ന് തെളിയിക്കുകയും, അവന്റെ സൗഖ്യം അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്നു തെളിയിക്കുകയും ചെയ്യു. ഇത് ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കുവാൻ കർത്താവായ യേശുവിന് അധികാരം ഉണ്ടായിരുന്നു എന്നതിന്റെ ശക്തമായ ഒരു തെളിവാണ്.

ഈ സംഭവങ്ങൾ നമുക്കു വെളിപ്പെടുത്തുന്നത് ക്രിസ്തുവിന്റെ ശക്തിയെയല്ല, പിന്നെയോ സ്വർഗീയ രാജാവിന്റെ അധികാരത്തെയാണ്. അധികാരം തീർച്ചയായും ശക്തിയാൽ പിന്തുണയ്ക്കപ്പെടുന്നു. എങ്കിലും, അധികാരം ശക്തിയെക്കാൾ ഉയർന്നതാണ്. ചിലർക്ക് അധികാരമില്ലാതെ, ശക്തി ഉണ്ടായിരിക്കാം. സ്വർഗീയ രാജാവായി സമർഥിക്കപ്പെടുവാൻ, കർത്താവായ യേശുവിന് തന്റെ അധികാരത്തെ തന്റെ അനുയായികൾക്ക് കാണിക്കേണ്ട ആവശ്യമുണ്ട്. ഈ അധികാരം പ്രതിലോമ കാര്യങ്ങളോട്, ദുഷ്ടാത്മാക്കളാലും, ഭൂതങ്ങളാലും, ദുഷിച്ച പാപങ്ങളാലും പ്രേരിപ്പിക്കപ്പെട്ട എതിർക്കുന്ന പരിതസ്ഥിതിയോട് ഇടപെടാനാണ്. സ്വർഗീയ രാജാവെന്ന നിലയിൽ ക്രിസ്തുവിന് ഈ സകല കാര്യങ്ങളോടും ഇടപെടുവാൻ പൂർണ്ണാധികാരമുണ്ട്; ഇവയെല്ലാം അവന്റെ അധികാരത്തിൻകീഴിൽ കീഴ്പെട്ടിരിക്കുകയും ചെയ്യുന്നു. ഇത് ഭൂമിയിൽ സ്വർഗീയ രാജ്യത്തിന്റെ സ്ഥാപനത്തെ കൊണ്ടുവരുന്നു.

8:1—9:8-ൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെയെല്ലാം നാം ഒരുമിച്ചു വയ്ക്കുന്നുവെങ്കിൽ, സ്വർഗീയ രാജാവ് ആരാണെന്നതിന്റെ വ്യക്തമായ ഒരു ചിത്രം നാം കാണുന്നു. അവൻ യെഹൂദന്മാരുടെയും ജാതികളുടെയും രക്ഷകനാണ്. അവൻ മാനസാന്തരപ്പെടുന്ന യെഹൂദന്മാരുടെ രക്ഷകനായിരിക്കുകയും, സഹസ്രാബ്ദത്തിൽ മുഴുവൻ ഭൂമിയെയും പുനഃസ്ഥാപിക്കുന്നവനായിരിക്കുകയും ചെയ്യും. അവന് കാറ്റിന്റെയും, കടലിന്റെയും, ഭൂതങ്ങളുടെയുംമേൽ അധികാരമുണ്ട്. ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കുവാനും ഈ ജനത്തെ എഴുന്നേറ്റു നടക്കുമാറാക്കുവാനും അവന് അധികാരമുണ്ട്. ഈ സ്വർഗീയ രാജാവിനെ നാം അനുഗമിക്കണമെങ്കിൽ, നാം യാതൊരു ഭൗതിക ആസ്വാദനവും പ്രതീക്ഷിക്കാതിരിക്കുകയും, നിർജ്ജീവ കടപ്പാടുകളും കർത്തവ്യങ്ങളും അവഗണിക്കുകയും വേണം. ഈ വേദഭാഗത്തിന്റെ ഈ വിഹഗവീക്ഷണം സ്വർഗീയ രാജാവ് ആരാണെന്നതിന്റെ ഒരു ഉജ്ജ്വലമായ ഛായാചിത്രം നമുക്കു നൽകുന്നു.